[ശ്രീ. ആർ. ശങ്കർ]

സർ, ഈ കേസുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനും അവിടെ ഇങ്ങനെ ഒരു സംഘർഷാവസ്ഥ ഉണ്ടാക്കാൻ കരുതിക്കൂട്ടി പ്രവർത്തിക്കുന്നവരെ നിയമത്തിന്റെ വാഴ്ചയ്ക്ക് വിധേയമാക്കിക്കൊണ്ട് വരികയും ചെയ്യുന്നതിനു ഗവണ്മെന്റ് കർശനമായ എല്ലാ നടപടികളും എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എടുത്തുവരുന്നുമുണ്ട്. ആ നിലയ്ക്ക് അവിടെ ഇപ്പോൾ നിലവിലിരിക്കുന്ന അവസ്ഥയെ ആസ്പദമാക്കി ഒരു അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ച വാദപ്രതിവാദം ചെയ്യേണ്ടതായിട്ട് ഒന്നുംതന്നെയില്ല. ഗവണ്മെന്റ് സംഭവങ്ങളെല്ലാം വളരെ ശ്രദ്ധയോടുകൂടി ഉറ്റുനോക്കി ആവശ്യമുള്ള നടപടികളും അപ്പോഴപ്പോൾ എടുത്തുവരുന്നു. അതിനാൽ ഈ അടിയന്തിരപ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. Speaker: Order, order. In the light of the statement by the Chief Minister I withhold consent to the moving of the motion. Further the member who raised the matter is not here.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഈ പാനൂർ പ്രദേശത്ത് ഇടയ്ക്കിടയ്ക്ക് ഇങ്ങനെയുള്ള ഈ സംഭവങ്ങൾ ഉണ്ടാകുകയും, അപ്പോൾ ഗവണ്മെന്റ് താൽക്കാലികമായ നടപടികൾ എടുക്കുകയും അതു നിയന്ത്രിക്കുകയും ചെയ്യുന്നു എന്നു വിചാരിച്ച് അലസമായിരിക്കുകയും ചെയ്യുന്നതുകൊണ്ടു വീണ്ടും ഇങ്ങനെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതുവരെ ഗവണ്മെന്റ് എടുത്തുവന്നിരുന്ന നടപടികൾ ഫലപ്രദമായിട്ടില്ലാ എന്നുള്ളതിനെ മുൻനിറുത്തി ഈ നയത്തിൽ ഒരു വ്യത്യാസം വരുത്തി ശാശ്വതമായ പരിഹാരനടപടികൾ എടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഇനിമേൽ അതു ആവർത്തിക്കാതിരിക്കാനുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ചെയ്യേണ്ടതെന്നു ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. കെ. ഹസ്സൻ ഗനി : മനഃപൂർവ്വം കരുതിക്കൂട്ടി ഈ മാതിരി പ്രവർത്തനങ്ങൾ ചെയ്യുന്നവരെ അതിൽനിന്നു തടയുന്നതിനോ അവരെ പിടികൂടുന്നതിനോ പോലീസു യാതൊരു നടപടികളും എടുക്കുന്നില്ലാ എന്നുള്ളതാണു പരാതി. ആ പരാതിയെ മുൻനിറുത്തി വേണ്ട നടപടികൾ നടത്താൻ കർശനമായ നിർദ്ദേശം കൊടുക്കണം.

CALLING ATTENTION UNDER RULE 61.

Havoc caused by sea erosion at Elamkunnapuzha

Mr. Speaker: Under Rule 61 Shri K. C. Abraham has given notice to call the attention of the Minister for Public Works to a matter of urgent public importance, namely, the severe havoc caused by sea erosion at Elamkunnapuzha. I call upon the Member to state the facts.

ശ്രീ. കെ. സി. ഏബ്രഹാം : സർ, അടുത്ത ഏതാനും ദിവസങ്ങൾക്കു മുമ്പ് എളംകുന്നപ്പുഴ എന്ന സ്ഥലത്ത് അതിശക്തിയായ കടലാക്രമണം ഉണ്ടായതിനെക്കുറിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് ശക്തിയായ കടലാക്രമണം ഉണ്ടായതിന്റെ ഫലമായിട്ട് അവിടെയുണ്ടായിരുന്ന 20–ൽ ശിഷ്ടം വീടുകൾക്കും അഞ്ഞൂറിൽപരം തെങ്ങുകൾക്കും നാശംവന്നിട്ടുണ്ട്. കടലാക്രമണം ഉണ്ടായതിന്റെ ഫലമായി കടൽവെള്ളം കയറി കുറെ അധികം തെങ്ങിൻതൈകൾ, ഏകദേശം ആയിരത്തിലധികംവരും, നശിച്ചുപോകുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. ആകെക്കൂടി അവിടെ വന്നിട്ടുള്ള നഷ്ടം ഇപ്പോൾ നിശ്ചയിക്കുന്നതിനു സാദ്ധ്യതയില്ല. അതുപോലെതന്നെ ഈ സ്ഥലത്തിനടുത്തായി ഗവണ്മെന്റുവകയായിട്ടുള്ള മാഞ്ചിപ്പുറം ഫിഷ്പാണ്ടും അപകടത്തിലായിട്ടുണ്ട്. ഞാറക്കൽ sea, wall–ും കൊച്ചി തുറമുഖത്തിനും മദ്ധ്യേ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലമാണ് ഇതു്. ആ സ്ഥലം സീവാൾ കെട്ടിയോ ഗ്രോയിൻസുകൾ ഇട്ടോ ആവശ്യമായിട്ടുള്ള സംരക്ഷണനടപടികൾ എടുത്തില്ലെങ്കിൽ അവിടെ വലിയ നാശങ്ങൾ ഉണ്ടാകും; എന്നു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും ഗവണ്മെൻറിലേക്കു റിപ്പോർട്ട അയച്ചിട്ടുണ്ടെന്നു അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ വർഷംതന്നെ ആ സ്ഥലം കടലിൻെറ ആക്രമണത്തിൽനിന്നു രക്ഷിക്കണം.

അതുപോലെതന്നെ അവിടെ വേനരഹിതരായിട്ടുള്ളവർക്കു് താമസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതും അത്യാവശ്യമാണു്. വൈപ്പിൻകരയിൽ പത്തിരുപതു കുടുംബങ്ങളെ കുടിയിരുത്തുക എന്നുള്ളതു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്. അതുകൊണ്ടു് ആ സാധുക്കൾക്കു കുടിപാർപ്പിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അതുപോലെ അവർക്കു സൗജന്യ റേഷനും അനുവദിക്കണം എന്നുമുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. പി. പി. ഉമ്മർകോയ : സർ, ഈ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഈ കഴിഞ്ഞ കുറച്ചു ആഴ്ചകളായി എളംകുന്നപ്പുഴ എന്ന സ്ഥലത്തു കടലാക്രമണം ഉണ്ടായിട്ടുണ്ടു്. അതിൻെറ ഫലമായി കുറെ അധികം നാളീകേരവൃക്ഷങ്ങൾ കടപുഴകി, കുറച്ചു വീടുകൾ പൊളിച്ചു മാറ്റേണ്ടതായും വന്നു. അവിടം ഒരു താണ പ്രദേശമായതുകൊണ്ടു് കടൽവെള്ളം കയറി കുറെയധികം നാശനഷ്ടങ്ങൾ ഉണ്ടാക്കി. എൻജിനീയർമാർ സ്ഥലം പരിശോധിക്കുകയും അതിനാവശ്യമായ പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. അവിടെ പെർമനൻറായിട്ടുള്ള രക്ഷാനടപടികൾ ആവശ്യമാണു്. ഒരു ആയിരം അടി നീളത്തിൽ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ എസ്റ്റിമേറു് അവർ തയാറാക്കീട്ടുണ്ടു്. അതു് കഴിയുന്നതും വേഗത്തിൽ അനുവദിച്ചു അതിനുള്ള നടപടികൾ എടുക്കുന്നതായിരിക്കും. അവിടെ ഈ ദുരിതം അനുഭവിക്കുന്ന ആളുകൾക്കു് ദുരിതാശ്വാസ നടപടികൾ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമെങ്കിൽ അതു ചെയ്യുന്നതാണു്. അതിനു ജില്ലാകളക്ടർക്കു് നിർദ്ദേശം കൊടുക്കുന്നതുമായിരിക്കും.

Non-Payment of grants to Libraries

Mr. Speaker : A reply is due from the hon. Chief Minister to an earlier Rule 61 notion by Smt. Kusumom. I call upon the Chief Minister to give the reply.

ശ്രീ. ആർ. ശങ്കർ : സർ, ഗ്രന്ഥശാലകൾക്കു് സമയത്തിനു ഗ്രാൻറു കൊടുക്കുന്നില്ലാ എന്നുള്ളതായിരുന്നു ആക്ഷേപം. 1962–63 വർഷത്തിൽ 70 ലൈബ്രറികൾക്കു് ഇനിയും ഗ്രാൻറു് കൊടുത്തിട്ടില്ലാ എന്നു പ്രസ്താവിക്കുകയുണ്ടായി. സർ, 1962–63–ൽ 1033 ലൈബ്രറികൾക്കു് ഗ്രാൻറു കൊടുക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ ബാക്കിയുള്ളവയെ സംബന്ധിച്ചിടത്തോളം വളരെ വൈകി മാത്രം റെക്കമെൻേറഷൻസു കിട്ടിയതുകൊണ്ടു് അതു കൊടുക്കാൻ സാധിച്ചിട്ടില്ല. അധികം ലൈബ്രറികളെ സംബന്ധിക്കുന്ന റെക്കമെൻേറഷൻസു ഈ നടപ്പു സാമ്പത്തികവർഷത്തിൽ ലഭിക്കുകയുണ്ടായി. അങ്ങനെ ഒരു 1269 ലൈബ്രറികളെ സംബന്ധിച്ചുള്ള റെക്കമെൻേറഷൻ തുടർന്നു കിട്ടിയ പ്രകാരം അതിൽ 1242 എണ്ണത്തിൻെറ ശുപാർശകൾ അയച്ചു. ബാക്കി 27 എണ്ണത്തിനു ശുപാർശകൾ അപ്പോഴത്തതുകൊണ്ടു് കൊടുത്തിട്ടില്ല. ശുപാർശ അയച്ചവർക്കു കൊടുത്തിട്ടുണ്ടു്. എന്നാൽ ഈ 27 ലൈബ്രറികൾ ഗ്രാൻറിനെ സംബന്ധിച്ചുള്ള റൂളുകൾക്കു വിധേയമായി പ്രവർത്തിച്ചില്ലാ എന്നുള്ളതാണു് കാരണം. അങ്ങനെ അതിനു ഗ്രാൻറു കൊടുക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു കൊടുക്കാത്തതാണു്. അങ്ങനെ 2300–ഓളം ലൈബ്രറികൾക്കു് ഗ്രാൻറു കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ആകെട്ടിൽ 27 ലൈബ്രറികളുടെ ഗ്രാൻറു തടയപ്പെട്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly